# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.686** **29.11.2018-ൽ മറുപടിക്ക്**

**കക്കയം,പെരുവണ്ണാമൂഴി,ബാണാസുര സാഗർ ഹൈഡൽ ടൂറിസം വികസനം**

| | ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കക്കയം,പെരുവണ്ണാമൂഴി,ബാണാസുര സാഗർ തുടങ്ങിയ പ്രദേശങ്ങളുടെ ടൂറിസം വികസനത്തിനായി ബഹു. ധനകാര്യ മന്ത്രി പ്രഖ്യാപിച്ചിരുന്ന 300 കോടി രൂപയുടെ വികസന പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഹൈഡൽ ടൂറിസം വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ; | (എ) (ബി) & (സി) | കക്കയം, പെരുവണ്ണാമൂഴി, ബാണാസുരസാഗർ തുടങ്ങിയ പ്രദേശങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള ടൂറിസം വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിശ്ചയിക്കുന്നതിന് കേരള ഹൈഡൽ ടൂറിസം സെന്റർ ടെണ്ടർ വിളിച്ച് നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ സാങ്കേതിക ന്യൂനതകളെ തുടർന്ന് ടെണ്ടർ റദ്ദ് ചെയ്യുകയുണ്ടായി. പദ്ധതിയുടെ സാങ്കേതിക സാമ്പത്തിക വയബിലിറ്റി പരിശോധിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കാമെന്ന ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം ഇക്കാര്യങ്ങൾ പരിശോധിക്കാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് മറ്റു നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ടൂറിസം വികസന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് വന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (സി) | എത്രയും വേഗം പദ്ധതിയുടെ വിശദമായ ഡി.പി.ആർ. ധനവകുപ്പിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ